# ഇന്ത്യ-ചൈന അതിർത്തി കാര്യങ്ങളുടെ മെക്കാനിസം ഫോർ കൺസൾട്ടേഷൻ ആൻഡ് കോഡിനേഷൻ (ഡബ്ല്യു.എം.സി.സി.)-ന്റെ 27-ആമത് മീറ്റിംഗ്

മെയ് 31, 2023

ഇന്ത്യ-ചൈന അതിർത്തി കാര്യങ്ങളുടെ കൂടിയാലോചനക്കും ഏകോപനത്തിനുമുള്ള പ്രവർത്തന സംവിധാനത്തിന്റെ(ഡബ്ല്യു.എം.സി.സി.) ഇരുപത്തിയേഴാമത് മീറ്റിംഗ് 2023 മെയ് 31-ന് ന്യൂഡൽഹിയിൽ വെച്ച് നടന്നു. എം.ഇ.എ.-യിൽ നിന്നുള്ള ജോയിന്റ് സെക്രട്ടറി (കിഴക്കൻ ഏഷ്യ) ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചു. ചൈനീസ് വിദേശകാര്യ മന്ത്രാലയത്തിന്റെ അതിർത്തി, സമുദ്രകാര്യ വകുപ്പ് ഡയറക്ടർ ജനറൽ ആണ് ചൈനീസ് പ്രതിനിധി സംഘത്തെ നയിച്ചത്.

2. ഇന്ത്യ-ചൈന അതിർത്തി പ്രദേശങ്ങളിലെ പടിഞ്ഞാറ് ഭാഗത്തുള്ള എൽ.എ.സി.-യിലെ സ്ഥിതിഗതികൾ ഇരുപക്ഷവും അവലോകനം ചെയ്യുകയും ബാക്കിയുള്ള പ്രദേശങ്ങളിൽ തുറന്നതും സ്പഷ്ടവുമായ രീതിയിൽ ഇടപെടാനുള്ള നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. സമാധാനവും സൗര്യവും പുനഃസ്ഥാപിക്കുന്നത്, ഉഭയകക്ഷി ബന്ധങ്ങൾ സാധാരണ നിലയിലാക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കും.

3. ഈ ലക്ഷ്യം കൈവരിക്കുന്നതിന്, നിലവിലുള്ള ഉഭയകക്ഷി കരാറുകൾക്കും ഔദോഗിക രേഖകൾക്കും അനുസൃതമായി, ഉന്നത സൈനികോദ്യഗസ്ഥരുടെ അടുത്ത (പത്തൊമ്പതാം) റൗണ്ട് മീറ്റിംഗ് നേരത്തെ തന്നെ നടത്താൻ അവർ സമ്മതിച്ചു. സൈനിക, നയതന്ത്ര മാർഗങ്ങളിലൂടെ ചർച്ചകൾ തുടരാൻ ഇരുപക്ഷവും സമ്മതിച്ചു.

ന്യൂ ഡൽഹി

**മെയ് 31, 2023.**